# വെള്ളിരേഖ

## ഭീതി നിറഞ്ഞ നാട്

“ .....റസിയയുടെ ചോദ്യത്തിന്റെ അർഥം അന്വേഷിച്ച് വലയേണ്ട കാര്യമൊന്നുമില്ലായിരുന്നു. പൂജയോട് സംസാരിക്കുന്നതിന് കുറച്ചുദിവസം മുമ്പ് തീവ്രവാദ വിരുദ്ധ സുരക്ഷാ സൈനിക ഏജൻസികൾ പുറത്തിറക്കിയ ഒരു വിവരമായിരുന്നു അതിനു പിറകിൽ. സുരക്ഷാസൈനിക ഏജൻസികൾ പറഞ്ഞത് അദിഫിന്റെ ബാങ്ക് അക്കൗണ്ടിൽ മൂന്നു കോടിയിലേറെ രൂപയുടെ ഇടപാട് നടന്നു എന്നാണ്. ഈ വിവരം പുറത്തുനൽകിയതിനു ശേഷം അസംഗഢിലേക്ക് പാഞ്ഞുവന്ന സുരക്ഷാ സൈനികർ അദിഫിന്റെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചപ്പോൾ കണ്ടെത്തിയത് കേവലം ആയിരത്തിനാൽപത്തിയാറ് രൂപ മാത്രം.

അദിഫിനെപ്പറ്റി സുരക്ഷാ ഏജൻസികൾ പറയുന്നതെല്ലാം കള്ളക്കഥകളാണ് എന്ന് സരായിമീറുകാരും സഞ്ജർപൂരുകാരും കരുതാൻ ഒരു മുഖ്യകാരണം അമ്പേ പാളിപ്പോയ ഈ ബാങ്ക് റെയ്ഡ് ആയിരുന്നു. അദിഫിനൊപ്പം കൊല്ലപ്പെട്ട സഞ്ജർപൂരുകാരനായ സാജിദിനെപ്പറ്റിയും ജാമിയ നഗറിൽ നിന്നുതന്നെ അറസ്റ്റ് ചെയ്യപ്പെട്ട ആസിഫിനെ പറ്റിയും സുരക്ഷാ സൈനികർ പറയുന്നതെല്ലാം കള്ളക്കഥകളാണെന്ന് വിശ്വസിക്കാനും പൊളിഞ്ഞുപോയ ഈ ബാങ്ക് ഇടപാട് കഥ ബലം നൽകി. “മുസ്ലിം ബാഹുല്യമുള്ള ഗ്രാമങ്ങളെ തിരഞ്ഞുവച്ച് അവിടത്തെ ചെറുപ്പക്കാരെ മുഴുവൻ തീവ്രവാദികളായി മുദ്രകുത്തി, തങ്ങളുടെ തീവ്രവാദവിരുദ്ധ പ്രവർത്തനം എളുപ്പമാക്കാൻ ശ്രമിക്കുകയാണ് സുരക്ഷാ സൈനികരും കേന്ദ്ര ആഭ്യന്തരമന്ത്രി ശിവരാജ് പാട്ടീലിനെപ്പോലുള്ളവരും”-ഗ്രാമത്തിന്റെ വിശ്വാസത്തെ മൂർത്തമായ വാക്കുകളിലാക്കി റിട്ടയേർഡ് പ്രൊഫസർ ആയ സഞ്ജർപൂരുകാരൻ ഡോ. ഇക്ബാൽ അഹമ്മദ്.

ഡോ. അഹമ്മദിന്റെ വാക്കുകൾ ശരിവയ്ക്കുന്നതുപോലെ ആ ദിവസങ്ങളിൽ സരായിമീറിലൂടെയും സഞ്ജർപൂരിലൂടെയും മുസ്ലിം ബാഹുല്യമുള്ള മറ്റു ഗ്രാമങ്ങളായ ബീനപ്പാറയിലൂടെയും മുബാരക്പൂരിലൂടെയും ഒക്കെ സുരക്ഷാസൈനിക പൊലീസ് വാഹനങ്ങൾ ചീറിപ്പാഞ്ഞു. പൊലീസുകാരും സുരക്ഷാസൈനികരും ഈ ഗ്രാമങ്ങളിലെ വീടുകൾ ബലമായി തള്ളിത്തുറന്നു. കണ്ണിൽ കണ്ടത് പലതും തകർത്തു, ചിലപ്പൊഴൊക്കെ ആൺ-പെൺ വ്യത്യാസമില്ലാതെ പുലഭ്യം പറഞ്ഞു, പലേ ചെറുപ്പക്കാരെയും ചോദ്യംചെയ്യാൻ എന്ന പേരിൽ പിടിച്ചുകൊണ്ടുപോയി. ഇതിനോടെല്ലാമുള്ള പ്രതിഷേധത്തിന്റെയും അടക്കിപ്പിടിച്ച രോഷത്തിന്റെയും, എല്ലാറ്റിനും ഉപരി വളർന്നുനിൽക്കുന്ന ഭീതിയുടെയും അന്തരീക്ഷമായിരുന്നു ഈ ദിവസങ്ങളിൽ അസംഗഢിൽ കാണാനായത്. റംസാൻ മാസത്തിന്റെ അവസാനം ഈദ് വരുമ്പോൾ അതിനെ ആഘോഷമാക്കാനുള്ള മാനസികാവസ്ഥ ഈ സ്ഥിതിയിൽ സരായിമീറുകാർക്കും സഞ്ജർപൂരുകാർക്കും ഉണ്ടായിരുന്നില്ല. “ഞങ്ങൾക്ക് നീതി കിട്ടും വരെ ഞങ്ങൾ ഒരു ആഘോഷവും നടത്തില്ല.....” ”

(‘സഞ്ജർപൂരിലെ കുട്ടികൾ പറയുന്നത്’, വെങ്കിടേഷ് രാമകൃഷ്ണൻ, *സമകാലിക മലയാളം* വാരിക, 2008 ഒക്ടോബർ 17)

## വീട് കിട്ടാത്ത മുസ്ലിം

“ കാൺപൂരിലും തമിഴ്നാട്ടിലുമൊക്കെ ബോംബ് നിർമാണത്തിനിടെ സംഘപരിവാർ സംഘടനയിൽ പെട്ടവർ മരിച്ചിട്ടും കുറെയേറെപ്പേരെ സ്ഫോടന സാമഗ്രികളുമായി പിടികൂടിയിട്ടും അതൊന്നും ഹിന്ദുവിന്റെ തലയിൽ ആരും കെട്ടിവച്ചില്ല. എന്നാൽ ഡൽഹി, അഹമ്മദാബാദ്, ജയ്പൂർ, ബാംഗളൂരു സ്ഫോടനങ്ങളെ തുടർന്ന് പിടികൂടിയവരെ (ഇവർ കുറ്റവാളികളാണെന്ന് ഇതുവരെ ഒരു കോടതിയും വിധി പറഞ്ഞിട്ടുമില്ല) പലസ്തീനി ഷാൾ ആയ കഫിയ്യ മുഖത്തു ചുറ്റി മാധ്യമങ്ങൾക്കു മുന്നിൽ പ്രദർശിപ്പിച്ചപ്പോൾ ഒരു മതം മുഴുവനായാണ് പ്രതിസ്ഥാനത്തേക്ക് മാറ്റപ്പെട്ടത്. മുംബൈയിൽ ഇന്ന് വരേണ്യ ഹിന്ദു താമസിക്കുന്നിടത്ത് മുസ്ലിമിന് വീടു കിട്ടില്ലെന്നുള്ളത് ഏറെക്കാലമായെങ്കിലും ഇപ്പോൾ ഡൽഹിയും ആ സ്വഭാവം പ്രകടിപ്പിച്ചു തുടങ്ങി. മുസ്ലിം പേരുണ്ടെങ്കിൽ എല്ലായ്പ്പോഴും നിങ്ങളുടെ മേൽ അധികൃതരുടെ ഒരു കണ്ണുണ്ടായിരിക്കും. നാട്ടുകാർക്ക് സംശയത്തിന്റെയും. അങ്ങനെ മനഃശാസ്ത്രപരമായി കീഴടക്കി കഴിഞ്ഞ ഇന്ത്യൻ മുസ്ലിമിനെ ഭൂമിശാസ്ത്രപരമായും അരികുകളിലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ തന്നെ പുരോഗമിക്കുന്നു. ”

(‘ഒറീസ നൽകുന്ന സൂചന’, കെ.എൻ അശോക്, *മംഗളം* 2008 ഒക്ടോബർ 7).

## ഏഷ്യാനെറ്റ് കച്ചവടവസ്തു

“ ...ഏഷ്യാനെറ്റ് കൈമാറിയപ്പോൾ തനിക്കു നൽകിയ ഉറപ്പുകളെല്ലാം റെജി മേനോൻ ലംഘിച്ചു. കേസുമായി മുന്നോട്ടുപോയാൽ ചാനൽ തകരുമെന്ന് കണ്ടപ്പോഴാണ് അതിന്റെ നിയന്ത്രണം വിട്ടുകൊടുത്തത്. ഇപ്പോൾ അത് ചന്തയിലെ കച്ചവടവസ്തുവായി മാറിയിരിക്കുന്നു. ബന്ധുക്കൾ തമ്മിലുള്ള കാര്യങ്ങൾ നാട്ടുകാർ അറിയേണ്ടെന്നു കരുതിയാണ് ആരോപണങ്ങൾക്കെതിരെ താൻ ഇത്രയും നാൾ പ്രതികരിക്കാതിരുന്നതെന്നും ശശികുമാർ പറഞ്ഞു. ഏഷ്യാനെറ്റിനെ കമ്യൂണിസ്റ്റ് ചാനലാക്കാൻ താൻ ആഗ്രഹം പ്രകടിപ്പിച്ചു എന്നു പറയുന്നത് വിഡ്ഢിത്തമാണ്. മാനവിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ചാനൽ വളർത്തിയെടുക്കാനാണ് ശ്രമിച്ചത്. അതിനെ കമ്യൂണിസ്റ്റ് ചാനൽ എന്ന് വിശേഷിപ്പിക്കുന്നതിൽ സന്തോഷം മാത്രമേയുള്ളൂ. ഏതായാലും ഫാസിസ്റ്റ് ചാനൽ ഉണ്ടാക്കാൻ ശ്രമിച്ചിട്ടില്ല...... ”

(ഏഷ്യാനെറ്റ് സ്ഥാപക മാനേജിംഗ് ഡയറക്ടർ വി. ശശികുമാർ, *ദേശാഭിമാനി ദിനപത്രം*, ഒക്ടോബർ 21)